(സി) ഏത് ഏജൻസി വഴിയാണ് പശുക്കളെ തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നാണ് മുന്തിയ ഇനം പശുക്കളെ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) മന്ത്രിയോടൊപ്പം വിദേശയാത്രയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(എഫ്) വിദേശത്തു നിന്നു പശുക്കളെ വാങ്ങുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ - എഫ്) വിദേശത്തുനിന്നും പശുക്കളെ കൊണ്ടുവരാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. എന്നാൽ 22-10-2009-ൽ ഡൽഹിയിൽ നടന്ന ഇൻഡോ ഫ്രഞ്ച് വർക്കിംഗ് ഗ്രൂപ്പിൽ മൃഗസംരക്ഷണ രംഗത്ത് ഇന്ത്യ ഫ്രഞ്ച് സഹകരണമാകാമെന്നും അത് പൈലറ്റ് അടിസ്ഥാനത്തിൽ കേരളത്തിൽ ചെയ്യാമെന്നും തീരുമാനമായി. അതിന്റെ തുടർച്ചയായി കേരളത്തിലെ മൃഗസംരക്ഷണ വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി (മൃഗസംരക്ഷണം), മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എന്നിവരെ ഫ്രാൻസിലേയ്ക്ക് ഫ്രഞ്ച് സർക്കാർ ക്ഷണിച്ചു. ജൂൺ 15 മുതൽ 19 വരെ പ്രത്യേക സംഘം ഫ്രാൻസിൽ പര്യടനം നടത്തുകയും വിവിധ ഗവേഷണ സ്ഥാപനങ്ങളും ഫാമുകളും സന്ദർശിക്കുകയും വിദഗ്ധൻമാരുമായും ഫ്രഞ്ച് ഗവൺമെന്റ് ഉന്നത ഉദ്യോഗസ്ഥരുമായും ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

ഫ്രാൻസിലെ മൊബിലിയാർഡ് ഗോക്കളെ പരിപാലിക്കുന്ന കൃഷിക്കാരുടെ കോ-ഓപ്പറേറ്റീവ് ആയ യൂമോടെസ്റ്റ് കോപ്പക്സുമായി ചർച്ച നടത്തി. ബീജോൽപ്പാദനവും കൃത്രിമ ബീജധാനവും കറവയുമൊക്കെ ബോദ്ധ്യപ്പെട്ടു. തുടർന്ന് പ്രസിദ്ധ ഫ്രഞ്ച് ഇനമായ മൊബിലിയാർഡ് പരീക്ഷിക്കാൻ തീരുമാനിച്ചു. പാൽ 30 ലിറ്റർ മുതൽ 40 ലിറ്റർ വരെ. കൊഴുപ്പ് 3.6 മുതൽ 4.5 വരെ. ഹോൾസ്റ്റീഷ്യൻ ഫ്രീഷ്യനേക്കാളും കൊഴുപ്പും ജഴ്സിയേക്കാളും പാലും ഉൽപ്പാദിപ്പിക്കുന്ന മൊബിലിയാർഡ് പ്രസ്തുത ഇനങ്ങൾ വളരുന്ന കേരളത്തിലെ തണുത്ത കാലാവസ്ഥയിൽ അവയെപ്പോലെതന്നെ പ്രകടനം കാഴ്ചവയ്ക്കാനാണ് സാധ്യതയെന്നതിനാൽ വിശദമായൊരു പഠനം കേരളത്തിൽ നടത്താൻ തീരുമാനിച്ചു. തുടർന്ന് യൂമോടെസ്റ്റ് കോപ്പക്സുമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മൊബിലിയാർഡിന്റെ അൻപതോളം ഭ്രൂണവും രണ്ടായിരം ബീജവും ഇറക്കുമതി ചെയ്യാനും മൊബിലിയാർഡിന്റെ കേരള കാലാവസ്ഥയിലെ പ്രകടനം വിശദമായി പഠിക്കുന്ന ഗവേഷണം ആരംഭിക്കാനും ധാരണയായി.

LIBRARY ARCHIVES Kerala Legislative Assembly